# ബോബിലിരാജാവു വന്നാൽ

സഞ്ജയൻ



ബോബിലിരാജാവു വന്നാൽ

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Piano Mover's Holiday, a painting by Charles Demuth (1883–1935). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ബോബിലിരാജാവു വന്നാൽ

ബോബിലിരാജാവു രണ്ടാമതും മലബാർ സന്ദർശിക്കുവാൻ വരുന്നുണ്ടുപോലും. ഞാൻ കേട്ട വിവരമാണേ! എന്റെ വാക്കു വിശ്വസിച്ച്, ഗംഭീരമായ ഒരുക്കങ്ങളൊക്കെ ചെയ്ത് അവസാനം കുളത്തിലിറങ്ങിയല്ലോ എന്ന് ആരും പിന്നീട് ആവലാതി പറയരുത്. ഈന്തിൻപട്ടകൾക്ക് കരാറു കൊടുക്കുന്നതും മെമ്മോറിയലുകളും മംഗളപത്രങ്ങളും തയ്യാറാക്കുന്നതും ഒക്കെ തീർച്ചവിവരമറിഞ്ഞിട്ടു മതി. പക്ഷേ, മുൻസിപ്പാലാപ്പീസുകാർ തോട്ടപ്പണി കുറച്ചു നേരത്തേ തുടങ്ങുന്നതു നന്നായിരിക്കും. പെട്ടെന്നു പിരിച്ചുനടുന്ന ചെടികൾ പന്ത്രണ്ടു മണിക്കൂറുകൊണ്ടു വാടിപ്പോകും. വേനൽക്കാലമാണു വരുന്നത്. മുൻകൂട്ടി പറഞ്ഞില്ലെന്നു വേണ്ട.

എന്തിനാണുപോലും തിരുമേനി രണ്ടാമതും വരുന്നത്? മലബാറിന്റെ നേരേ ഒന്നാമത്തെ വരവിൽത്തന്നെ പ്രഥമദർശനാനുരാഗം വന്നുപോയതുകൊണ്ടാണെന്നു ചിലർ പറയുന്നു. വേറെ ചിലർ പറയുന്നത് മലബാറിലെ കൃഷിനാശത്തെപ്പറ്റി നേരിട്ടു കണ്ടറിഞ്ഞു പോകുവാനാണ് ഈ വരവെന്നാണ്. ജസ്റ്റിസ് കക്ഷിയിൽ ആളുകളെ ചേർക്കുവാനാണെന്നു വേറൊരു പ്രസ്താവമുണ്ട്. പക്ഷേ, ഇതു കളവാണെന്നു തോന്നുന്നു. ജസ്റ്റിസ് കക്ഷിയിൽ ഇവിടെനിന്ന് ആരെങ്കിലും ചേരുമെന്നു വിശ്വസിക്കാൻ മാത്രമുള്ള ശുദ്ധത അദ്ദേഹത്തിനുണ്ടാകുമോ? അഥവാ, മഹാന്മാരുടെ അന്തർഗതം ആരറിഞ്ഞു?

ആളുകൾക്ക് ഇന്നതേ പറയാവു എന്നില്ല. കഴിഞ്ഞ പ്രാവശ്യം കോഴിക്കോട്ടെ വലിയങ്ങാടിനിരത്ത് ഉദ്ഘാടനം ചെയ്യാൻവേണ്ടി വന്നപ്പോൾ ചില കുസൃതിക്കാർ അദ്ദേഹം ഷൺമുഖംചെട്ടിക്കു വോട്ടു പിടിപ്പാൻ നടക്കുകയാണെന്നു പറഞ്ഞുപരത്തി. അദ്ദേഹം ഒരു ശാന്തശീലനും അഭിമാനിയുമായതുകൊണ്ട് ഒന്നും പറയാതെ അതു കേട്ടു സഹിച്ചു. എന്തു കഥയാണു നിങ്ങളൊക്കെ പറയുന്നത്. അദ്ദേഹം ഷൺമുഖം ചെട്ടിക്കു വേണ്ടിയല്ല, ഈ പറയുന്ന സഞ്ജയനു വേണ്ടിയായിരുന്നാൽക്കൂടി, ശ്രമിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സ്ഥാനാർഥി തോറ്റുപോകുമായിരുന്നുവെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? അദ്ദേഹം രാജാവായി ജനിച്ചു സ്വന്തം പ്രയത്നംകൊണ്ടു മന്ത്രിയായിത്തീർന്ന ആളാണ്. നിങ്ങൾ അതോർത്തുവോ? പ്രധാനമന്ത്രി ശ്രമിച്ചിട്ടുകൂടി ഒരു സ്ഥാനാർഥിക്കു വോട്ടു കിട്ടിയില്ലെന്നും മറ്റും നിങ്ങൾ ആരെയാണ്, സർ, പറഞ്ഞു വിശ്വസിപ്പിക്കുവാൻ നോക്കുന്നത്?

കോഴിക്കോട്ട് മുനിസിപ്പാലിറ്റി കൊതുക്കളെ കൊല്ലുവാൻ ആയിരം രൂപ പാസ്സാക്കിയിട്ടുണ്ടെന്നു കേട്ടു. എങ്ങനെയാണ് ഈ ആയിരം ഉറുപ്പിക ചെലവു ചെയ്‌വാൻ പോകുന്നത് എന്ന വിഷയത്തെക്കുറിച്ച് രണ്ടുമൂന്നു ദിവസമായി ഞാനാലോചിക്കുന്നു. മുനിസിപ്പാലിറ്റി ഈ വിഷയത്തെക്കുറിച്ച് വല്ലതും ആലോചിച്ചിട്ടുണ്ടോ? ഉണ്ടായിരിക്കുകയില്ല. മുനിസിപ്പാലിറ്റിക്ക് അതിനൊക്കെ നേരമുണ്ടോ? അതിരിക്കട്ടെ. സഞ്ജയന്റെ ഗവേഷണങ്ങളുടെ ഫലങ്ങൾ പരിശോധിച്ച് അവയിൽ നല്ലതിനെ സ്വീകരിക്കുന്നതിനു മുനിസിപ്പാലിറ്റിക്കു വിരോധമുണ്ടോ? സഞ്ജയന്റെ കൊതുവംശവിച്ഛേദമാർഗഗവേഷണറിപ്പോർട്ട് കൗൺസിലിന്റെ മുൻപാകെ ഹാജരാക്കുവാൻ സമ്മതിക്കുമോ? ഈ റിപ്പോർട്ടു വളരെ നന്നായിട്ടുണ്ടെന്നു സഞ്ജയൻ അഭിമാനിക്കുന്നില്ല. പക്ഷേ, നിങ്ങളുടെ ജെ. പി. സി. റിപ്പോർട്ടിനെക്കാളൊക്കെ നന്നായിട്ടുണ്ട്. ഒന്നുമില്ലെങ്കിൽ ഇതിൽ ആത്മാർഥതയെങ്കിലുമുണ്ട്.

പക്ഷേ, ആ റിപ്പോർട്ട് സഞ്ജയൻ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയില്ല. ഏതായാലും കോഴിക്കോട്ടു മുനിസിപ്പാലിറ്റിയുടെ ശ്രമം അഭിനന്ദനീയമായിട്ടുണ്ട്. സഞ്ജയൻ പേനയെടുത്താൽ പിന്നീട് ഈ മുനിസിപ്പാലിറ്റിയെക്കുറിച്ചു നല്ല വാക്കു പറയുവാൻ സാധിച്ചതിൽ സഞ്ജയനു സന്തോഷമുണ്ട്. കൊതുവധത്തിനുവേണ്ടി ആയിരം ഉറുപ്പിക നീക്കിയതുകൊണ്ട് മുനിസിപ്പാലിറ്റിയെ ജനങ്ങൾക്ക് വാസയോഗ്യമാക്കിത്തീർക്കുവാൻ തക്കവണ്ണം എന്തെങ്കിലും ചിലതു ചെയ്യണമെന്ന് ആഗ്രഹമുണ്ടെന്നു മുനിസിപ്പാലിറ്റി തെളിയിച്ചിരിക്കുന്നു. മതി. ഇന്നു രാത്രി സഞ്ജയന്റെ നേരെ ആക്രമിപ്പാൻ വരുന്ന കൊതുക്കളുടെ എണ്ണം എത്രയായാലും, 'സാരമില്ല; തൊഴിൽനികുതി കൊടുക്കാതെ മുനിസിപ്പാലിറ്റിയിൽ ചോരകുടിക്കച്ചവടം നടത്തിവരുന്ന ഈ അക്രമികൾ ഉണ്ടെന്നു മുനിസിപ്പാലിറ്റി പബ്ലിക്കായി സമ്മതിച്ചുവല്ലോ! ഇനി കുറെ കടി സഹിച്ചാലും കൊള്ളാം!' എന്നേ സഞ്ജയൻ വിചാരിക്കുകയുള്ളു. ഈ ഗ്രാന്റ് പാസ്സാക്കിച്ച മാന്യപാരനെ സഞ്ജയൻ അഭിനന്ദിക്കുന്നു. മുനിസിപ്പാലിറ്റിയുടെ തീർപ്പ് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ എല്ലാ വർത്തമാനക്കടലാസ്സുകളുടെയും ഓരോ കോപ്പി, ആ ഭാഗത്തിന്റെ അടിയിൽ ചുകന്ന മഷികൊണ്ട് വരഞ്ഞു, സഞ്ജയന്റെ കട്ടിലിന്റെ നാലുവശത്തും കെട്ടിത്തൂക്കീട്ടുണ്ട്. സഞ്ജയനു കൊതുക്കളോടുംകൂടി വൈരമില്ല. വിവരം കാലേക്കൂട്ടി അറിഞ്ഞു് അവർ സകുടുംബം നാടുവിടുകയാണെങ്കിൽ പോയ്ക്കൊള്ളട്ടെ!

ഇതൊക്കെ ഇങ്ങനെയൊക്കെയാണെങ്കിലും കല്ലായിറോഡിന്റെ കാര്യത്തിൽ സഞ്ജയനും മുനിസിപ്പാലിറ്റിയുമായി ഇനിയും വാഗ്വാദം നടത്തേണ്ടിവരുമെന്നാണു തോന്നുന്നത്. ഈ റോഡിന്റെ ഇരുവശത്തും വളരെ വൈദ്യശാലകളുള്ള വിവരം സഞ്ജയൻ പണ്ടു പറഞ്ഞിരുന്നുവോ? പ്രസ്തുത വൈദ്യശാലകളിലെ മരുന്നുകളിൽ ഓരോ ഓൺസ് റോഡിലെ പൊടിയുംകൂടി ചേർന്നാൽ ദേഹത്തിനു നല്ലതാണെന്ന് അഷ്ടാംഗഹൃദയത്തിൽ വല്ലടത്തും പറഞ്ഞിട്ടുണ്ടോ എന്ന് നിങ്ങളുടെ ആര്യവൈദ്യനോടന്വേഷിക്കണം. ഇല്ലെന്ന് അദ്ദേഹം പറഞ്ഞാൽ ഞാൻ ഈ റോട്ടിലെ ദ്വികാലപുണ്യാഹത്തെപ്പറ്റി ചില ദുർഭാഷണങ്ങൾതന്നെ ചെയ്യും. വാറണ്ടുശിപായി പിന്നാലെ കൂടിയാൽ എങ്ങനെയെങ്കിലും കല്ലായിറോഡിൽ ഓടിയെത്തിയാൽ മതി. പിന്നെ ശിപായിയല്ല, വിധിയുടമ താൻതന്നെ വന്നാലും നിങ്ങളെ കണ്ടുപിടിക്കുകയില്ല. കല്ലായിറോഡ് ഇപ്പോൾ പൊടിപൊടിയായി റോഡാണ്. ഇതിനെക്കുറിച്ചു മുനിസിപ്പാലിറ്റി എന്തെങ്കിലും ചെയ്യണം. അടിയന്തിരമായി ചെയ്യണം. കമ്മീഷണർക്കു സഞ്ജയന്റെ പടുഭാഷ മനസ്സിലാകുന്നില്ലെങ്കിൽ വല്ലവരും ഇതു തർജ്ജമ ചെയ്തുകൊടുക്കണം. പൊടി കുറഞ്ഞ റോട്ടിൽ വെള്ളം തീരേ നനയ്ക്കാതിരിക്കത്തക്കവിധത്തിൽ യുക്തിശാസ്ത്രത്തെ മുറുകെപ്പിടിച്ചവരെ പൊടി അധികമുള്ള നിരത്തിൽ അധികം വെള്ളം നനയ്ക്കേണ്ടതാണെന്നും യുക്തിശാസ്ത്രം പഠിപ്പിക്കണ്ടേ? സഞ്ജയൻ പറയുന്നതിൽ കാര്യമുണ്ടോ എന്നുമാത്രം നോക്കിയാൽ മതി. പിന്നീടു 'യഥാ മതി തഥാ കുരു.'

ബോബിലിരാജാവിന്റെ വരവിനെക്കുറിച്ചു പ്രസംഗിച്ച ഉടനെ കൊതുവംശത്തിന്റെ വിനാശത്തെപ്പറ്റിയാണു പറയേണ്ടിവന്നത്. ഇനി ഇവയെ രണ്ടിനേയും ഘടിപ്പിച്ച് ഒരു കാര്യം പറയുന്നു. കഴിഞ്ഞ പ്രാവശ്യം രാജാവു വന്നപ്പോൾ രണ്ടുമൂന്നേർപ്പാടുകളെ ഉദ്ഘാടനം ചെയ്തു. ഇപ്രാവശ്യം ഉദ്ഘാടനം ചെയ്യുവാൻ ഒന്നുമില്ല. തളിക്ഷേത്രം ഉദ്ഘാടനം ചെയ്യിക്കുവാൻ ചിലരെല്ലാം ആലോചിച്ചിരുന്നുപോലും. പക്ഷേ, ഈ ഭയങ്കരാലോചന നടന്ന ദിവസം പ്രസ്തുത ക്ഷേത്രത്തിന്റെ ഉള്ളിൽനിന്ന് അതിദീനമായ ഒരശരീരിക്കരച്ചിൽ കേൾക്കുകയാലാണത്രേ ഈ ആലോചന ഡ്രോപ്പു ചെയ്തത്.

പക്ഷേ, എന്തെങ്കിലും ഒന്ന് ഉദ്ഘാടനം ചെയ്യാതെ അദ്ദേഹം മടങ്ങിയാൽ അതു നമുക്ക് വലിയ ഒരു പോരായ്മയായിത്തീരും. ഒരു മന്ത്രിവന്നപ്പോൾ ഒരു സാധനം അവിടെ ഉദ്ഘാടനം ചെയ്തു എന്ന് ഒരു വമ്പിച്ച നഗരത്തെപ്പറ്റി ആളുകൾ പറയേണ്ടിവന്നാൽ, അല്ലയോ മാന്യസഭാവാസികളേ, കോഴിക്കോട്ടെ നികുതിദായകന്മാരേ, അതിൽപ്പരം അപമാനം എന്തുള്ളു? പോക്കാൻതോട്ട്, കണ്ടിമൂക്കാന്തോട്ട്, പ്രേകമാൻ ചെള്ള, ഇരുട്ടക്കടവ്, ചങ്ങലംപരണ്ട, ചൊക്ലി, മേത്തോട്ടുതാഴം മുതലായ മൂലകളിൽക്കൂടി ഉദ്ഘാടനങ്ങൾ നടക്കുന്നു! തേങ്കുറുശ്ശിയിലും മാങ്കുറുശ്ശിയിലും ലക്കിടിയിലും പറളിയിലും കുറ്റ്യാടിയിലും കുറ്റ്യാട്ടൂരിലും അറക്കലും ചിറക്കലും പുതിയങ്ങാടിയിലും പഴയങ്ങാടിയിലും വലിയങ്ങാടിയിലും ആളുകൾ ജന്മവസ്തു വിറ്റിട്ടെങ്കിലും ഉദ്ഘാടനങ്ങൾ എമ്മെൽസിമാരുടേയും മറ്റും ആഭിമുഖ്യത്തിൽ സാഘോഷം കൊണ്ടാടുകയും പത്രങ്ങളിൽ അവയെപ്പറ്റി റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു; പക്ഷേ, ഈ കോഴിക്കോട്ടിന് മലബാറിന്റെ ഈ തലസ്ഥാനനഗരത്തിന്, മാനാഞ്ചിറ വെള്ളത്തിനുകൂടി നാവുള്ള ഈ പരിഷ്കൃതപട്ടണത്തിന് ഒരു അതിഥി വരുമ്പോൾ പാദ്യം കൊടുക്കാൻ ഒരു കിണ്ടിയില്ല; ഒരു മന്ത്രി വരുമ്പോൾ അദ്ദേഹത്തെ ബഹുമാനിക്കുവാൻ ഒരു ഉദ്ഘാടനമില്ല. മന്നത്ത് പത്മനാഭപിള്ള അവർകൾ പറയുമ്പോലെ 'എന്റെ സഹോദരരേ ഞാനെന്തുതന്നെ പറയട്ടെ!' (ഗംഭീരമായ ഹസ്തതാഡനവും ചിയേഴ്സും.)

അതു പോരാ. നമുക്ക് തീർച്ചയായും ഒരു ഉദ്ഘാടനം വേണം. അല്ലെങ്കിൽപ്പിന്നെ, ആദ്യം മുതല്ക്കേ നമ്മൾ ഉദ്ഘാടനകാര്യത്തിൽ വൈമനസ്യം കാണിച്ചിരിക്കണം. അങ്ങനെയായിരുന്നെങ്കിൽ, 'ഞങ്ങളെ മാപ്പാക്കണം. ഞങ്ങൾ പണ്ടേ കുണിസ്റ്റീറ്റുമെന്റുകാരാണ്. ഉദ്ഘാടനമൊന്നും പതിവില്ല. പച്ചവെള്ളം മാത്രമേ കഴിക്കു' എന്നൊക്കെ പറഞ്ഞു നോക്കാമായിരുന്നു. പക്ഷേ, നമ്മൾ വലിയ ഉദ്ഘാടനഭ്രമക്കാരാണെന്ന് അദ്ദേഹത്തെ മനസ്സിലാക്കിക്കുവാൻ മാത്രമുള്ള വിഡ്ഢിത്തമൊക്കെ കഴിഞ്ഞ പ്രാവശ്യം നമ്മൾ ചെയ്തുപോയി. അതുകൊണ്ട് ഇതിൽനിന്ന് ഒരൊറ്റ രക്ഷാമാർഗം വല്ല ഒരുദ്ഘാടനത്തിനും വഴി കണ്ടുപിടിക്കുകയാണ്. ഈ ഘട്ടത്തിലാണ് മരുഭൂമിയിൽ വീണ മന്നാ പോലെ, കാഞ്ഞ പാറപ്പുറത്തു വീഴുന്ന മഴപോലെ, സഞ്ജയന്റെ 'സത്ധഷൻ', വരുന്നത്. നാം പുതുതായി നടപ്പിൽ വരുത്താൻ പോകുന്ന കൊതുവിനാശസംരംഭത്തെ രാജാവവർകളെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിച്ചുകൂടേ? അതിൽ ഒരു പ്രത്യേക ഔചിത്യംകൂടിയുണ്ട്; കൊതുവിനാശം മുനിസിപ്പാലിറ്റിയുടെ പരിഷ്കരണമാർഗങ്ങളിൽവെച്ച് ഏറ്റവും നൂതനവും ഏറ്റവും പ്രധാനവുമാണ്; ബോബിലിരാജാവാണെങ്കിൽ മുനിസിപ്പാലിറ്റികളാകുന്ന സമുദ്രങ്ങൾക്കു പൂർണചന്ദ്രനാണ്; അനുമാനം പ്രത്യക്ഷമല്ലോ!

പ്രസ്തുത ഉദ്ഘാടനത്തിന്റെ ചടങ്ങുകളെക്കുറിച്ചൊന്നും നിങ്ങൾ ക്ലേശിക്കേണ്ട. ഏറ്റവും ദേഹബലവും ആരോഗ്യവുമുള്ള ഒരു വമ്പിച്ച കൊതുവെ—കഴിയുമെങ്കിൽ ദംശൻ ബഹദൂറിനെത്തന്നെ പിടിക്കണം—പിടിച്ച് നൂലിന്മേൽ കെട്ടിത്തൂക്കണം. ഉദ്ഘാടനമുഹൂർത്തമായാൽ പബ്ലിക്കിന്റെ മുൻപാകെ മാന്യനായ ഉദ്ഘാടകൻ ഒരു കത്തിരിയെടുത്ത് നൂലറുക്കണം. അപ്പോൾ പ്രസ്തുത കൊതു അടിയിൽ മുൻകൂട്ടി തയ്യാറാക്കിവെച്ചിരിക്കുന്ന കനലിൽ വീണു കരിയും. (ഹസ്തതാഡനം). ഇങ്ങനെയാണ് കൊതുസംഹാരസ്കീമിന്റെ ഉദ്ഘാടനം നടത്തേണ്ടത്. ഇത് അടുത്ത മുനിസിപ്പൽയോഗത്തിൽവെച്ചു പാസ്സാക്കിച്ചുകിട്ടുവാൻ സഞ്ജയൻ അപേക്ഷിക്കുന്നു.

30-1-1935

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്ക ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.